"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-2024-25 കൊച്ചിൻ കാർണിവൽ സംബന്ധമായ പരിപാടികൾ നടത്തുന്നതിന് വേണ്ടി ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട് സൗജന്യ നിരക്കിൽ അനുവദിക്കുന്നതിനുള്ള എറണാകുളം ജില്ലാ കളക്ടറുടെ ശിപാർശ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.39/2025/RD തീയതി,തിരുവനന്തപുരം, 06-01-2025

---

പരാമർശം:-

1. കൊച്ചിൻ കാർണിവൽ കമ്മിറ്റി അധികൃതരുടെ 02/12/2024-ലെ അപേക്ഷ
2. എറണാകുളം ജില്ലാ കളക്ടറുടെ 20/12/2024 -ലെ DCEKM/3756/2024-L9 നമ്പർ കത്ത്
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 17/12/2024, 23/12/2024 തീയതികളിലെ LR/3886/2024-LR(J7) നമ്പർ കത്ത്

**ഉത്തരവ്**

2024-25 കൊച്ചിൻ കാർണിവലുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുന്നതിന് വാസ്കോഡഗാമ സ്ക്വയർ, സാന്താക്രൂസ് ഗ്രൗണ്ട്, പരേഡ് ഗ്രൗണ്ട്, ഫോർട്ട് കൊച്ചി ബീച്ച്, ഐ.എൻ.എസ് ദ്രോണാചാര്യ ഗ്രൗണ്ട്-വെളി, വെളി പള്ളത്ത് രാമൻ ഗ്രൗണ്ട് എന്നീ വേദികൾ മുൻവർഷങ്ങളിൽ അനുവദിച്ചിരുന്നതുപോലെ സൗജന്യമായി അനുവദിക്കണമെന്ന് കൊച്ചിൻ കാർണിവൽ കമ്മിറ്റി അധികൃതർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

കൊച്ചിൻ കാർണിവലിന് ഏകദേശം 40 വർഷത്തോളം പഴക്കമുണ്ടെന്നും ആയത് കൊച്ചിയിലെ സർവ്വ സമ്മതവും മതേതരവും ജനകീയവുമായ പുതുവത്സര ആഘോഷമായാണ് അറിയപ്പെടുന്നത് എന്നും ആയതിന്റെ നടത്തിപ്പിന് ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട് സൗജന്യമായി അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷയിൽ സർക്കാർ അനുമതി ആവശ്യമാണെന്നും കൊച്ചിൻ കാർണിവലിന്റെ സുഗമമായ നടത്തിപ്പിന് ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട് കഴിഞ്ഞ വർഷങ്ങളിൽ സൗജന്യമായി അനുവദിച്ച പോലെ ഈ വർഷവും സൗജന്യമായി അനുവദിക്കുന്നതിനുള്ള അപേക്ഷ ജില്ലാ കളക്ടർ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം (2) ലെ ജില്ലാ കളക്ടറുടെ കത്തിൽ

പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണിച്ച് 2024-25 വർഷത്തെ കൊച്ചിൻ കാർണിവൽ സംബന്ധമായ പരിപാടികൾ നടത്തുന്നതിന് വേണ്ടി ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട് സൗജന്യ നിരക്കിൽ അനുവദിക്കുന്നതിനായുള്ള എറണാകുളം ജില്ലാ കളക്ടറുടെ ശിപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്നേഹലത കെ
ജോയിന്റ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കൊച്ചിൻ കാർണിവൽ, റിവർ റോഡ്, ഫോർട്ട് കൊച്ചി-1
വിവര പൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 07-01-2025 14:53:40
സെക്ഷൻ ഓഫീസർ